പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1573 — 02.07.2015 ലെ മറുപടിയ്ക്ക്

## കർഷകർക്ക് സ്മാർട്ട് കാർഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷകർക്ക് സ്മാർട്ട് കാർഡുകൾ നൽകാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഓരോ കാർഡിനും എന്തു ചെലവുവരുമെന്നും ഇതുകൊണ്ട് കർഷകനുണ്ടാകുന്ന ഗുണമെന്താണെന്നും വിശദമാക്കാമോ ? | (എ) കൃഷി വകുപ്പിൽ കർഷകർക്ക് അഗ്രികാർഡുകൾ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാനറാബാങ്കിനെ നോഡൽ ബാങ്കായി ചുമതല ഏൽപ്പിച്ചുകൊണ്ട് ഉത്തരവ് (G.O.(Rt.)No.845/2014/AD, തീയതി, 09.05.2014) ഇറക്കിയിട്ടുണ്ട്.<br><br>അഗ്രികാർഡ് നൽകുന്നതിന്റെ മുഴുവൻ ചെലവും കാനറാബാങ്ക് വഹിക്കും. ഇതുവരെയും കാർഡ് വിതരണം കാനറാ ബാങ്ക് ആരംഭിച്ചിട്ടില്ല. അഗ്രികാർഡ് അടിസ്ഥാന രേഖയാക്കി താഴെപറയുന്ന സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതാണ്.<br>• കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റു സഹായങ്ങളും<br>• ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (Crop Loan)<br>• 7 ശതമാനം പലിശ നിരക്കിൽ മദ്ധ്യകാല- ദീർഘകാല വായ്പകൾ. ഇതിന്റെ 50 ശതമാനം പലിശ സബ്സിഡി സർക്കാർ നൽകുന്നതാണ്.<br><br>18.75 ലക്ഷം കർഷകർക്കാണ് അഗ്രികാർഡ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ